**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 325** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ യോഗതീരുമാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 31.03.2022- ലെ മുപ്പത്തിരണ്ടാമത് ജനറൽ കൗൺസിൽ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ 31.03.2022- ലെ മുപ്പത്തിരണ്ടാമത് ജനറൽ കൗൺസിൽ യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. പിഴല - ചെന്നൂർ-ചരിയംതുരുത്ത് - 9 മീറ്റർ റോഡ് പദ്ധതി-<br><br>a. മൂലമ്പിള്ളി-പിഴല കണക്റ്റിവിറ്റി പാലം മുതൽ പിഴല റോഡ് വരെയുള്ള 350m റോഡ്. ഈ പദ്ധതിക്ക് LSGD ചീഫ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. CRZ അനുമതിക്കായുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കടമക്കുടി പഞ്ചായത്തിലെ അസ്സിസ്റ്റൻറ്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>b. 350 m റോഡ് മുതൽ പുതുശ്ശേരി വരെയുള്ള 2 Km റോഡ് വീതി കൂട്ടുന്ന പദ്ധതി - ഈ പദ്ധതിയുടെ ആദ്യത്തെ റീച്ച് ആയ പിഴല 350 m റോഡ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള അലൈൻമെന്റ് അന്തിമമാക്കിയിട്ടുണ്ട്. PWD റോഡ്സ് വിഭാഗം പ്രാഥമിക സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>c. പിഴല - ചെന്നൂർ പാലം നിർമ്മാണം -<br><br>d. ചെന്നൂർ- ചരിയംതുരുത്ത് പാലം നിർമ്മാണം -<br><br>രണ്ടാമത്തെ റീച്ചിൽ പെടുന്ന പിഴല- ചെന്നൂർ, ചെന്നൂർ-ചരിയംതുരുത്ത് എന്നീ രണ്ട് പാലങ്ങൾക്ക് |

പകരം പിഴല- ചരിയംതുരുത്ത് ഒറ്റ പാലമായി നിർമ്മിച്ചാൽ ഏകദേശം 225 മീറ്ററോളം സ്ഥലം ലാഭിക്കാവുന്നതും ആയതിന്റെ ലാൻഡ് അക്വിസിഷൻ കോസ്റ്റും, നിർമ്മാണ ചെലവും ഗണ്യമായി കുറയുന്നതുമായിരിക്കും. കൂടാതെ ഇത് കൂടുതൽ പ്രകൃതി സൗഹാർദ്ദപരമായിരിക്കും. ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങളും കുറക്കാൻ സാധിക്കും. ഇപ്രകാരം പുതിയ ഡിസൈൻ തയ്യാറാക്കുന്നതിന് PWD ബ്രിഡ്ജസ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2. ചെന്നൂർ - കോതാട് പാലം നിർമ്മാണം

IWA മാനദണ്ഡങ്ങൾ പ്രകാരം പാലത്തിന്റെ ഉയരം മാക്സിമം ഫ്ലഡ് ലെവലിൽ നിന്നും 6m ആക്കി വർധിപ്പിക്കേണ്ടി വന്നതിനാൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നീളം വർധിക്കുകയും, കോതാട് സേക്രഡ് ഹാർട്ട് പള്ളിയുടെ നേരെ മുൻപിൽ ലാൻഡിംഗ് പോയിന്റ് വരുന്ന അവസ്ഥയിൽ ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം വരുമ്പോൾ സമീപത്തുള്ള കോൺവെന്റ് റോഡിലേക്ക് ഏകദേശം 2 1/2 m ഉയരത്തിൽ പാലത്തിന്റെ അപ്രോച്ച് റോഡിൽ നിന്നും ഒരു റാമ്പ് നിർമ്മിച്ച് അക്സസ്സ് നൽകേണ്ടിവരുകയോ അതല്ലെങ്കിൽ പള്ളി കോമ്പൗണ്ടിലെ സ്ഥലം അക്വയർ ചെയ്ത് പുതിയ സർവീസ് റോഡ് നിർമ്മിക്കേണ്ടതോ ചെയ്യേണ്ടിവരുന്നതാണ്. ഈ സാഹചര്യത്തിൽ ഈ വിഷയം പള്ളി കമ്മിറ്റി ഭാരവാഹികൾ, PWD ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ അലൈൻമെന്റ് കുറച്ച് കിഴക്കോട്ട് മാറി പള്ളിയുടെ സെമിത്തേരിയുടെ സ്ഥലം അക്വയർ ചെയ്തു കൊണ്ട് നിർമ്മിച്ചാൽ നിലവിലുള്ള PWD റോഡ് തന്നെ സർവീസ് റോഡ് ആയി ഉപയോഗപ്പെടുത്താമെന്നും കോൺവെന്റ് റോഡിലേക്ക് സുഗമമായ അക്സസ്സ് ലഭ്യമാക്കേണ്ടതാണെന്നും, ദേവാലയത്തിനുള്ളിലെ അക്വിസിഷൻ നടപടികൾ ഒഴിവാക്കാവുന്നതാണെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം പുതുക്കിയ ഡിസൈൻ തയ്യാറാക്കുന്നതിന് PWD ബ്രിഡ്ജസ് വിഭാഗത്തിന് നിർദേശം നൽകിയിട്ടുണ്ട്.

3. മൂലമ്പിള്ളി - ചാത്തനാട് റോഡ് പദ്ധതി - വലിയകടമക്കുടി - ചാത്തനാട് പാലം & അപ്രോച്ച് റോഡ് (ഫേസ് II)

ചാത്തനാട് ഭാഗം പാലവും അപ്രോച്ച് റോഡും, നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ Ltd പൂർത്തിയാക്കിയിട്ടുണ്ട്.

4. കടമക്കുടി - ചാത്തനാട് പാലം, അപ്രോച്ച് റോഡ് - ലാൻഡ് അക്വിസിഷൻ - ഭൂമി നഷ്ടപ്പെടുന്നവർക്ക് പ്രത്യേക പാക്കേജ്

മേൽ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

5. വല്ലാർപ്പാടം ദ്വീപിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തിയും, ബണ്ട് റോഡ് നിർമ്മാണവും

ഇറിഗേഷൻ വകുപ്പ് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറക്ക് തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

6. താന്തോന്നിതുരുത്തിലെ സംരക്ഷണഭിത്തി-

7. 87 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ സമർപ്പിച്ചത് പ്രകാരം ഭരണാനുമതി നല്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും, ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും അനുമതികൾ ആവശ്യപ്പെടുകയും, അതിനായി ആവശ്യപ്പെട്ട 1,935/- രൂപ ഭൂജലവകുപ്പിനു നൽകുകയും, ലഭ്യമായ മേൽ രണ്ടു അനുമതികളും കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള അനുമതിക്ക് സമർപ്പിച്ചപ്പോൾ LBS ഇൻസ്റ്റിട്യൂട്ടിൽ നിന്നും പുതിയ സാങ്കേതിക വിദ്യ പ്രകാരം പരിശോധന നടത്തണമെന്ന് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിക്കുകയും അതിനുളള പഠനത്തിനായി 2.36 ലക്ഷം രൂപ നല്കണമെന്നും, അറിയിച്ച വിഷയം ജിഡ കൗൺസിലിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതിനനുസരിച്ച് 50% തുകയായ 1,18,000/- എൽ.ബി.എസിന് ജിഡ നല്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് വിദഗ്ധർ സ്ഥല പരിശോധന നടത്തിയിട്ടുള്ളതും റിപ്പോർട്ട് തയ്യാറാക്കി വരുന്നതുമാണെന്നും, 2022 ജൂൺ 30-നു ഡിസൈൻ നൽകുമെന്നും, ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. CRZ അനുമതിക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ആവശ്യപ്പെട്ട രേഖകൾ കൊച്ചി കോർപ്പറേഷൻ മുഖേന ലഭ്യമാക്കിയിട്ടുമുണ്ട്.

7. ജിഡ പൂർത്തീകരിച്ച് പരിപാലിച്ച് വരുന്ന എറണാകുളം - ബോൾഗാട്ടി, ബോൾഗാട്ടി-

വല്ലാർപാടം, വല്ലാർപാടം-വൈപ്പിൻ എന്നീ മൂന്ന് പാലങ്ങളുടെ (ഗോശ്രീ പാലങ്ങൾ എന്ന് അറിയപ്പെടുന്നു) കാര്യക്ഷമവും സാങ്കേതിക മികവോടെയും ഉള്ള പരിപാലനം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത്-സംബന്ധിച്ച് :-

ഗോശ്രീ പാലങ്ങൾ മൂന്നും പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

8. ജിഡയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (United Nations Sustainable Development Goals (UNSDGs) നടപ്പിലാക്കുന്നത് സംബന്ധിച്ച് ഗോശ്രീ പഞ്ചായത്തുകളിൽ UNSDGs @ goshree എന്ന പേരിൽ ഐക്യരാഷ്ട്രസഭയുടെ UNSDGs നടപ്പിലാക്കുന്നതിനും, ഈ പദ്ധതിയുടെ മുഖ്യ കാര്യനിർവ്വാഹകനായി ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

9. ജിഡ - ചാത്യാത്ത് റോഡും അതിനോട് അനുബന്ധിച്ചുള്ള വാക്-വേകളും സൗന്ദര്യവൽക്കരിക്കുന്നതിനും വരുമാനം സൃഷ്ടിക്കുന്നതിനുമായി 3 വർഷത്തേക്ക് കൈമാറുന്നത് സംബന്ധിച്ച്. ജിഡ - ചാത്യാത്ത് റോഡും, ഇരുവശങ്ങളിലുമുള്ള വാക് വേയും അന്താരാഷ്ട്ര നിലവാരത്തിൽ ലൈറ്റിങ്ങ്, ലാൻഡ് സ്കേപ്പിങ് നടത്തുകയും ജനങ്ങൾക്കുള്ള ഒരു ആക്ടിവിറ്റി ഷോപ്പിംഗ് സോൺ ആക്കി മാറ്റുകയും, കുട്ടികൾക്കായുള്ള ഒരു ചിൽഡ്രൻസ് പാർക്ക് വികസിപ്പിക്കുകയും ചെയ്തു കൊണ്ട് ജിഡ സ്മാർട്ട് സോൺ പദ്ധതി നടപ്പിലാക്കുന്നതിനുമായി ടെൻഡർ വിളിക്കുകയും ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത M/s. KHL, ശ്രീ.K.H.Latheef നെ തിരഞ്ഞെടുക്കുകയും, 20/06/22 ൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ വർക്ക് തുടങ്ങുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

10. ഗോശ്രീ പാലത്തിൽ തെരുവ് വിളക്കുകളും, പരസ്യ ബോർഡുകളും M/s.BAAMA സ്ഥാപിച്ചത്-സംബന്ധിച്ച്

മൂന്ന് ഗോശ്രീ പാലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് തെരുവ് വിളക്കുകൾ സ്ഥാപിച്ച് 3 വർഷത്തേക്ക് പരിപാലിക്കുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും ഉയർന്ന തുക

വാഗ്ദാനം ചെയ്ത M/s.THIRD IRIS ന്റെ bid അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകുകയും ജൂലൈ 1 ന് വർക്ക് തുടങ്ങുന്നതിനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

11. കടമക്കുടി വില്ലേജിൽ പിഴല ദ്വീപിലുള്ള പാലിയംതുരുത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതുശ്മശാനം സഞ്ചാര യോഗ്യമാക്കുന്നത് സംബന്ധിച്ച:-

നടപടികൾ സ്വീകരിച്ചു വരുന്നു.

12. കടമക്കുടി വില്ലേജിൽ പിഴല - ചെറിയ കടമക്കുടി ലിങ്ക് റോഡ് വീതി കൂട്ടി സൗന്ദര്യവൽക്കരിക്കുന്നതിന് പഞ്ചായത്ത് സമർപ്പിച്ച പദ്ധതി:-

നടപടികൾ സ്വീകരിച്ചു വരുന്നു.

13.വൈപ്പിൻ മേഖലയിലെ രൂക്ഷമായ കടൽക്ഷോഭത്തിന് പരിഹാരമായി ഉചിതമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി കടൽക്ഷോഭ ആഘാതം ലഘൂകരിക്കുവാനുള്ള വിശദ പദ്ധതി രേഖ തയ്യാറാക്കുവാൻ പഠനം നടത്തുന്നതിനുള്ള പദ്ധതി:-

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ ആണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. മദ്രാസ് IIT ആണ് ഇതിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കുന്നത്.

14.എളംകുന്നപ്പുഴ-ഞാറക്കൽ - നായരമ്പലം കുടിവെള്ള പദ്ധതി

മുരിക്കുംപാടം ഉപരിതല സംഭരണിയുടെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. ഞാറക്കൽ ഉപരിതലസംഭരണിയുടെ നിർമ്മാണം നടന്നു വരുന്നു.

15.മുളവുകാട് റോഡ് വികസന പദ്ധതി -എൽ.എ.ജോലികൾ ഉൾപ്പെടെ - മൂന്നാം ഘട്ടം -1.5 kms :-

കിറ്റ്കോ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടർന്ന് വരുന്നു.

16. ഞാറക്കൽ താലൂക്ക് ആശുപത്രി വികസനം :- നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

17.അടിയന്തിര ഘട്ടങ്ങളിൽ ചെയ്ത പ്രവർത്തികളുടെ സാധൂകരണത്തിന്:-

സാധൂകരിച്ചു.

18.പതിനൊന്നാം ശമ്പള പരിഷ്കരണം ജിഡയിലെ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് നൽകിയത് സംബന്ധിച്ച്:-

സാധൂകരിച്ചു.

19.ജിഡ യിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് 01.01.2019 മുതൽ 1.07.2020 വരെ (16%) ക്ഷാമബത്ത കുടിശിക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് നമ്പർ ഇല്ലാത്തതിനാൽ പണമായി നൽകിയത്- സംബന്ധിച്ച്:-

സാധൂകരിച്ചു.

20. ശ്രീ.എ.ജെ.തോമസ്, ഫീൽഡ് ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസറെ ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസറായി താൽക്കാലികമായി നിയമിക്കുന്നത് സംബന്ധിച്ച്.

ജിഡ സെക്രട്ടറിയുടെ 22.06.2022 തീയതിയിലെ 701/2020/GIDA നമ്പർ ഉത്തരവ് പ്രകാരം 01/04/2022 മുതൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാകുന്നതുവരെ നിയമിച്ച് ഉത്തരവായിട്ടുണ്ട്.

21.സ്റ്റാൻഡിംഗ് കൗൺസൽ നിയമനം സംബന്ധിച്ച്

പാനലിലെ അംഗങ്ങളെ ഒഴിവാക്കി മുൻ ജിഡ കൗൺസിൽ അഡ്വക്കേറ്റ് വർഗീസ് .കെ.പോളിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

22.ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാരെ സ്റ്റാറ്റൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്:-

ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

23.സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് :-

സർക്കാരിന്റെ പരിഗണനയിലാണ്.

24.ആഫീസ് അറ്റൻഡന്ററായി ജോലി ചെയ്തു വരുന്ന ശ്രീ.പി.ഡി.സുനിൽകുമാറിനെ തസ്തികമാറ്റം മുഖേന ജൂനിയർ ക്ലാർക്കായി നിയമനം നൽകുന്നത് സംബന്ധിച്ച് :-സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| | | | 25.ജിഡ ആഫീസിൽ നിലവില്ലുള്ള ടൗൺ പ്ലാനർക്ക് പകരം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുന്നത് സംബന്ധിച്ച് :-<br><br>സർക്കാർ ഇക്കാര്യം പരിശോധിച്ച വരുന്നു,<br><br>26. ജിഡയിലെ ലാൻഡ് സൂപ്പർവൈസറായ ശ്രീ. പ്രദീപ്. സി.കെ - യെ തസ്തിക മാറ്റം മുഖേന സീനിയർ അക്കൗണ്ടന്റായി നിയമിക്കുന്നത് സംബന്ധിച്ച്:-<br><br>സർക്കാരിന്റെ പരിഗണനയിലാണ്.<br><br>27. 2020 – 21 വർഷത്തെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് & ഓഡിറ്റ് ഫീ നൽകുന്നത് സംബന്ധിച്ച്:-<br><br>ജനറൽ കൗൺസിൽ തീരുമാന പ്രകാരം ജിഡയുടെ 2020-2021 വർഷത്തെ ഓഡിറ്റ് അംഗീകരിച്ച് ഓഡിറ്റ് ഫീ ആയ 1,16,820/- രൂപ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയ M/s എം.വി.ടോമി&കമ്പനിക്ക് നല്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്താമോ? | (സി) | ജിഡയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക വിഭാഗം ഇല്ലാത്തതിനാൽ അതാത് പദ്ധതികൾ PWD, KITCO, KSCC, Irrigation എന്നീ വകുപ്പുകൾ/ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ CRZ അനുമതിയും ലഭ്യമാക്കേണ്ടതായിട്ടുണ്ട്. മേൽ കാരണങ്ങളാൽ ഉണ്ടാകുന്ന കാലതാമസമാണ് പദ്ധതി നടത്തിപ്പിൽ നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ

**ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ മുപ്പത്തി രണ്ടാമത് ജനറൽ കൗൺസിൽ യോഗത്തിന്റെ നടപടി കുറിപ്പുകൾ**

യോഗത്തിൽ താഴെ പറയുന്ന അംഗങ്ങൾ പങ്കെടുത്തു.

(1) ശ്രീ. പിണറായി വിജയൻ. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി.
(2) ശ്രീ.കെ.എൻ.ഉണ്ണികൃഷ്ണൻ, എം.എൽ.എ. വൈപ്പിൻ.

(3) ശ്രീ. ടി.ജെ. വിനോദ്, എം.എൽ.എ . എറണാകുളം

(4) ശ്രീ. ബിജു പ്രഭാകർ. IAS., സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
(5) ശ്രീമതി. മേരി വിൻസന്റ് എം.ജി. (കടമക്കുടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്)
(6) ശ്രീ. ടി.ടി. ഫ്രാൻസിസ്, (ഞാറക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്)

(7) ശ്രീ. കെ.എസ്. നിബിൻ, (കുഴുപ്പിള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്)
(8) ശ്രീമതി എം.ബി ഷൈനി, (ജില്ലാ പഞ്ചായത്ത് അംഗം, ചെറായി ഡിവിഷൻ)
(9) ശ്രീമതി രമണി അജയൻ, (എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് അംഗം)

(10) ജില്ലാ ടൗൺ പ്ലാനർ, നഗര-ഗ്രാമാസൂത്രണ വകുപ്പ്, എറണാകുളം
(11) എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്തുകൾ), പൊതുമരാമത്ത് വകുപ്പ്, എറണാകുളം
(12) എക്സിക്യൂട്ടീവ് എഞ്ചിനീയർ, (പാലങ്ങൾ), പൊതുമരാമത്ത് വകുപ്പ്, എറണാകുളം
(13) ശ്രീ. എസ്. ശർമ്മ (മുൻ മന്ത്രി)
(14) ശ്രീ. വി.വി. ജോസഫ് മാസ്റ്റർ, വലിയ പറമ്പിൽ, പിഴല പി.ഓ. കൊച്ചി.
(15) ശ്രീ. പി.വി. ലൂയിസ്, പുക്കാട് വീട്, പള്ളിപോർട്ട് പി.ഓ. പിൻ 683515
(16) ശ്രീമതി എൻ.കെ. ബിന്ദു, നായരമ്പലം, നികത്തിത്തറ, പിൻ - 682509
(17) ശ്രീ. കെ.കെ. ജയരാജ്, കരിയിത്തറ ഹൗസ്, വല്ലാർപാടം പി.ഓ.
(18) ശ്രീ. ബോണി തോമസ്, ശ്രീപനോരമ ഗാർഡൻസ്, പണ്ടാരച്ചിറ റോഡ്
(19) ശ്രീ. കെ.പി. വിപിൻരാജ്, കിഴക്കാതുകടവിൽ, കോരാംപാടം, കോതാട്, ചിറ്റൂർ പി.ഓ. എറണാകുളം, പിൻ - 682027
(20) ശ്രീ. ജെയ്സൺ ജോസഫ്, മങ്കുഴി ഹൗസ്, ചെറുവൈപ്പ് പി.ഓ. അയ്യമ്പിള്ളി.
(21) ശ്രീ. രഘുരാമൻ, മെമ്പർ സെക്രട്ടറി, ജിഡ

1. അടിയന്തര എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ

2021 ജനുവരി 28 ന് ചേർന്ന അടിയന്തര എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം മിനിറ്റ്സ് അംഗീകരിച്ച് സ്ഥിരീകരിച്ചു.

2. ജിഡ ഓഫീസ് ഭാരവാഹികൾ - ട്രാൻസ്ഫർ & പോസ്റ്റിങ്ങ്.

ജിഡ ഓഫീസ് ഭാരവാഹികളുടെ ട്രാൻസ്ഫർ & പോസ്റ്റിങ്ങ് യോഗം നിരീക്ഷിച്ച് അംഗീകരിച്ചു.

3. പിഴല - ചെന്നൂർ-ചരിയംതുരുത്ത് - 9 മീറ്റർ റോഡ് പദ്ധതി —

ഈ അജണ്ടയിൽ പ്രതിപാദിക്കുന്ന 4 പ്രവർത്തികളും 2005 - ൽ വിഭാവനം ചെയ്തതാണെന്നും എന്നാൽ ഭരണാനുമതിയുമായി ബന്ധപ്പെട്ടുണ്ടായ അനാവശ്യ കാലതാമസമാണ് പദ്ധതികൾ ഇത്രയും വൈകാൻ കാരണമെന്നും ഇനിയെങ്കിലും ഇത്തരം തടസ്സങ്ങൾ കൂടാതെ ഈ പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കണമെന്നും ശ്രീ. വി.വി. ജോസഫ് മാസ്റ്റർ ആവശ്യപ്പെട്ടു. എസ്റ്റിമേറ്റിനും DPR നും ജിഡ ജനറൽ കൗൺസിൽ നൽകുന്ന അനുമതി, ഭരണാനുമതിയായി കണക്കാക്കി സാങ്കേതിക അനുമതിക്കായി സമർപ്പിച്ച് പദ്ധതി നിർവഹണത്തിന്റെ കാലതാമസം ഒഴിവാക്കാമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശം ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയും നടപടികൾക്കായി ജിഡ സെക്രട്ടറിയെ ജനറൽ കൗൺസിൽ ചുമതലപ്പെടുത്തുകയും ചെയ്തു.

a. **മൂലംപ്പിള്ളി-പിഴല കണക്ടിവിറ്റി പാലം മുതൽ പിഴല റോഡ് വരെയുള്ള 350 m റോഡ് (GIDA/741/2021)**

മൂലമ്പിള്ളി - പിഴല പാലത്തിൽ നിന്നും പിഴല റോഡ് വരേയും 350m നീളത്തിൽ 9 മീറ്ററിലേക്ക് വീതി കൂട്ടി നിർമ്മിക്കുന്ന പദ്ധതിക്കായി 4.80 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളതും സാങ്കേതികാനുമതിക്കായി LSGD ചീഫ് എൻജിനീയറുടെ പരിഗണനയിലുമാണ് എന്നുള്ള വിഷയം യോഗം ചർച്ച ചെയ്യുകയും സാങ്കേതികനുമതി ലഭിക്കുന്ന മുറക്ക്, LSGD എഞ്ചിനീയറിങ് വിഭാഗം മുഖേന പ്രവർത്തി ടെൻഡർ ചെയ്യുവാനും ട്രൈപാർട്ടി എഗ്രിമെൻറ് വച്ച് നടപ്പിലാക്കുവാനും ജിഡ സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി.

b. 350m റോഡ് മുതൽ പുതുശ്ശേരി വരെ യുള്ള 2 Km റോഡ് വീതി കൂട്ടുന്ന പദ്ധതി (GIDA/399/2020)

350m റോഡ് മുതൽ പുതുശ്ശേരി വരെ യുള്ള 2 Km റോഡ് വീതി കൂട്ടുന്ന പദ്ധതി സംബന്ധിച്ച് യോഗം വിശദമായ ചർച്ച ചെയ്തു. പ്രവർത്തിയുടെ റോഡ് ഭാഗങ്ങൾ വരുന്ന ഒന്നും, മൂന്നും റീച്ചുകൾ പൊതുമരാമത്ത് റോഡ്സിനെയും 6 മീറ്ററിലധികം വീതിയുള്ള കൽവെർട് ഉൾപ്പെടുന്ന രണ്ടാമത്തെ റീച്ച് പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗത്തെയും ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുവാനും യോഗം നിർദ്ദേശിച്ചു.

പ്രദേശവാസികളുടെ സഞ്ചാരസൗകര്യം വർധിപ്പിക്കുന്നതിന് പ്രസ്തുത റോഡ് 9 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നത് ആവശ്യമാണെന്ന് യോഗം വിലയിരുത്തി. ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള LA നടപടികൾ ആരംഭിക്കുവാൻ യോഗം അനുമതി നൽകി. കാലതാമസം ഒഴിവാക്കുന്നതിന് പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുവാനും യോഗം തീരുമാനിച്ചു.

c. പിഴല - ചെന്നൂർ പാലം നിർമ്മാണം (GIDA/1409/2019)

കടമക്കുടി പഞ്ചായത്തിലുള്ള പിഴല - ചെന്നൂർ ദ്വീപുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന പിഴല - ചെന്നൂർ പാലം നിർമ്മാണത്തിന് 19.50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിസൈൻ ലഭ്യമാക്കി 2022 മെയ് 31 നുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളത് യോഗം നിരീക്ഷിക്കുകയും ഓഫീസ് നടപടിക്രമങ്ങൾ യോഗം അംഗീകരിക്കുകയും ചെയ്തു. നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

d. ചെന്നൂർ - ചരിയംതുരുത്ത് പാലം നിർമ്മാണം (GIDA/1410/2019)

കടമക്കുടി പഞ്ചായത്തിലുള്ള ചെന്നൂർ - ചരിയംതുരുത്ത് ദ്വീപുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പാലത്തിന് 20.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിസൈൻ ലഭ്യമാക്കി 2022 മെയ് 31-നുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളത് യോഗം നിരീക്ഷിക്കുകയും ഓഫീസ് നടപടിക്രമങ്ങൾ യോഗം അംഗീകരിക്കുകയും ചെയ്തു. നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

4. **ചെന്നൂർ - കോതാട് പാലം നിർമ്മാണം (GIDA/1372/2011)**

കടമക്കുടി പഞ്ചായത്തിലുള്ള ചെന്നൂർ - കോതാട് ദ്വീപുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ പാലത്തിന് 35.97 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജസിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഏപ്രിൽ 15 - നുള്ളിൽ ഡിസൈൻ ലഭ്യമാകുമെന്നും 2022 മെയ് 20 - നുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് യോഗം നിരീക്ഷിക്കുകയും ഓഫീസ് നടപടിക്രമങ്ങൾ യോഗം അംഗീകരിക്കുകയും ചെയ്തു. നടപടികൾ വേഗത്തിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

പിഴല - ചെന്നൂർ പാലം, ചെന്നൂർ - ചരിയംതുരുത്ത് പാലം, ചെന്നൂർ - കോതാട് പാലം എന്നീ മൂന്ന് പാലങ്ങളുടെയും നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് LSGD, PWD വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

5. **മൂലംപ്പിള്ളി-ചാത്തനാട് റോഡ് പദ്ധതി-വലിയകടമക്കുടി- ചാത്തനാട് പാലം & അപ്രോച്ച് റോഡ് (ഫേസ്-II )( GIDA/731/14 )**

പ്രവർ ത്തിക്ക് 52 കോടി രൂപയുടെ ഭരണാനുമതിയും 46.6 കോടി രൂപയുടെ Technical Sanction-ഉം ലഭ്യമായിട്ടുള്ളതാണ്. ഒറിജിനൽ ഡീറ്റൈൽഡ് പ്രോജെക്ട് റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തിക്കു ഭൂമി ഏറ്റെടുക്കൽ നടപടിക്ക് 5.4 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. നാളിതുവരെ നിർമ്മാണ പ്രവർത്തിക്ക് വേണ്ടി 23.08 കോടി, LA ക്ക് 17.30 കോടി രൂപയും ഉൾപ്പെടെ ആകെ 40.39 കോടി രൂപ ചിലവഴിച്ചിട്ടുള്ളതാണ്. 11.06 കോടി രൂപ മിച്ചമുണ്ട്. പാലത്തിന്റെ 12 സ്പാനുകളും, 5

സ്പാനുകളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ബാക്കി 4 സ്പാനുകളും ഇത് വഴിയുള്ള അപ്രോച്ച് റോഡുകളും സ്ഥലമെടുപ്പ് പൂർത്തിയാക്കാത്തതുകൊണ്ട് നിർവ്വഹിക്കുവാൻ സാധിച്ചില്ല. ഇപ്പോൾ ചാത്തനാട് ഭാഗത്തുള്ള സ്ഥലമെടുപ്പ് അന്തിമ ഘട്ടത്തിൽ ആയതിനാൽ ചാത്തനാട് ഭാഗത്ത് അപ്രോച്ച് റോഡിന്റെ ടെൻഡർ നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. ചാത്തനാട് ഭാഗത്തുള്ള അപ്രോച്ച് റോഡിനു ശേഷിക്കുന്ന ഒരു സ്പാനിന്റെ നിർമ്മാണത്തിന് 10.53 കോടി രൂപയുടെ എസ്റ്റിമേറ്റ് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ളതാണ്. അതുപോലെ കടമക്കുടി ഭാഗത്തുള്ള അപ്രോച്ച് റോഡിന്റെയും 3 സ്പാനുകളുടെ നിർമ്മാണത്തിന് 15.32 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

തീരുമാനം

( a ) ചാത്തനാട് ഭാഗത്തെ നിർമ്മാണ പ്രവർത്തി ഉടനടി ടെൻഡർ ചെയ്യുന്നതിന് തീരുമാനിച്ചു.

(b) 25.85 കോടി രൂപയുടെ അടങ്കൽ തുകക്ക് ഭരണാനുമതി യോഗം അംഗീകരിച്ച് നൽകി. KSCC - യുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി, ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് യോഗം ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

6. കടമക്കുടി - ചാത്തനാട് പാലം, അപ്രോച്ച് റോഡ് - ലാൻഡ് അക്വിസിഷൻ - ഭൂമി നഷ്ടപ്പെടുന്നവർക്ക് പ്രത്യേക പാക്കേജ്

കടമക്കുടി - ചാത്തനാട് പാലം, അപ്രോച്ച് റോഡ് നിർമ്മാണത്തിന് പൊന്നുംവില നടപടി പ്രകാരം സ്ഥലം ഏറ്റെടുക്കുന്ന വിഷയം സംബന്ധിച്ച് സർക്കാർ അനുമതിക്ക് സമർപ്പിച്ചിരുന്നു. LSGD സെക്രട്ടറിയുടെ 24.02.2022 ലെ തസ്വഭവ - ഐ.എ3/18/2022 നമ്പർ കത്ത് പ്രകാരം ജിഡ എക്സിക്യൂട്ടീവ് / ജനറൽ കൗൺസിൽ അംഗീകാരത്തോടെ സമർപ്പിക്കണം എന്ന് അറിയിച്ചിട്ടുള്ളതാണ്. ചാത്തനാട് ഭാഗത്ത് ഏഴ് വീടുകളും, കടമക്കുടി ഭാഗത്ത് ഒൻപത് വീടുകളുമാണ് ഏറ്റെടുക്കാനുള്ളത്. വീട് നഷ്ടപ്പെടുന്നവർക്ക് മൂന്ന് സെൻറ് സ്ഥലം അധികമായി നൽകുമെന്ന് പ്രദേശത്തെ ജനപ്രതിനിധികൾ സ്ഥല ഉടമകളുമായി ധാരണയായിട്ടുള്ളതായി യോഗം വിലയിരുത്തി.

തീരുമാനം

കടമക്കുടി - ചാത്തനാട് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്നവർക്ക് വീട് വയ്ക്കുന്നതിന് 3 സെന്റ് സ്ഥലം നൽകുന്നതിനുള്ള പ്രത്യേക അനുമതിക്ക് സർക്കാരിലേക്ക് അയക്കുന്നതിന് ജിഡ

സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനമെടുത്തു.

7. വല്ലാർപ്പാടം ദ്വീപിന് ചുറ്റുമുള്ള സംരക്ഷണ ഭിത്തിയും,ബണ്ട് റോഡ് നിർമ്മാണവും (GIDA/1416/2019)

മേൽ പ്രവർത്തിക്ക് 14.14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതിൽ 4.414 കോടി രൂപ ചെലവഴിച്ച് മൈനർ ഇറിഗേഷൻ വകുപ്പ് 4 സ്ലൂയിസ്സുകളുടെയും പുനർനിർമ്മാണവും അനുബന്ധ റോഡുകളും നിർമ്മിച്ചിട്ടുള്ളതാണ്. മേജർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കേണ്ടിയിരുന്ന 12.10 കോടി രൂപയുടെ പ്രവർത്തനങ്ങൾ സാങ്കേതിക കാരണങ്ങളാൽ. ആരംഭിക്കുകയുണ്ടായില്ല. ഇപ്പോൾ 29.3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ജിഡ ടെക്നിക്കൽ കൺസൾട്ടന്റിനു സാങ്കേതിക പരിശോധനക്ക് നൽകിയതിൽ Coconut piling, clay filling എന്നിവ ആവശ്യമില്ലാത്തതാണെന്നും RCC പൈലുകളുടെ ആഴം 6 മീറ്ററിന് പകരം 4 മീറ്ററാക്കി കുറയ്ക്കാവുന്നതാണെന്നും, കൂടാതെ ജനങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷക്ക് ബണ്ട് റോഡിന്റെ വശങ്ങളിൽ ഹാൻഡ് റെയ്ൽസ് ഘടിപ്പിക്കേണ്ടതാണെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടെക്നിക്കൽ കൺസൾട്ടന്റിന്റെ റിപ്പോർട്ടിലെ ശുപാർശകൾ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തീരുമാനം

എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് നിർദ്ദേശിച്ച് തീരുമാനമെടുത്തു.

8. താന്തോന്നിതുരുത്തിലെ സംരക്ഷണഭിത്തി (GIDA/876/2014)

23/02/2020 ലെ പുതുക്കിയ GO(Rt)No.452/2020/LSGD നമ്പർ ഉത്തരവ് പ്രകാരം 6 കോടി രൂപയുടെ AS ലഭിച്ചിട്ടുണ്ട്. CRZ നിയമപ്രകാരം അനുമതി ലഭ്യമാക്കുന്നതിന് KCZMA-ക്ക് അപേക്ഷ സമർപ്പിച്ചു. നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. മേജർ ഇറിഗേഷൻ 13.90 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി ചീഫ് എൻജിനീയർക്ക് നൽകിയപ്പോൾ Reinfornced Soil Wall എന്ന ഒരു പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുകയാണെങ്കിൽ coconut . പൈലിംഗും 5 മാസം അധികമായിട്ടുള്ള മണ്ണ് ഫില്ലിങ്ങും ഒഴിവാക്കുന്നതാണെന്നും നിർമ്മാണ ചിലവിൽ ഗണ്യമായ ലാഭം കൈവരിക്കാനാകുമെന്നും സൂചിപ്പിച്ച് ജിഡ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കുട്ടനാട് പ്രദേശത്ത് ബണ്ടുകൾ ഡിസൈൻ ചെയ്ത് പരിചയമുള്ള K റെയിൽ കൺസൾട്ടന്റായ

Dr . ബാലൻ, തിരുവനന്തപുരം LBS ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ പ്രിൻസിപ്പൽ ശ്രീ. ജയ് മോഹൻ എന്നിവരും സ്ഥലം സന്ദർശിച്ച് മുന്നോട്ട് വച്ച ആശയമാണ് റീഇൻഫോഴ്സ്ഡ് സോയിൽ വോൾ ടെക്നോളജി എന്ന് കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പഠനം നടത്തി ഡിസൈൻ, ഡ്രോയിങ്സ് / റിപ്പോർട്ട് എന്നിവ 14 ദിവസത്തിനുള്ളിൽ നൽകുന്നതാണെന്നും ഇതിനായി 2.36 ലക്ഷം രൂപ കൺസൾട്ടൻസി ഫീസ് നൽകണമെന്നും കത്തിൽ പറഞ്ഞിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ മേൽ കത്ത് റിപ്പോർട്ടിനായി ജിഡയുടെ ടെക്നിക്കൽ കൺസൾട്ടന്റിന് നൽകുകയും പ്രവർത്തിയുടെ നിർമ്മാണ ചെലവ് ഗണ്യമായി കുറക്കാൻ ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരമുള്ള പുതിയ മാർഗ്ഗം തീർച്ചയായും ഉപകാരപ്പെടുമെന്നും ആയതിനാൽ LBS ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ ആവശ്യപ്പെട്ടിട്ടുള്ള ഫീസായി 2.36 ലക്ഷം രൂപ നൽകികൊണ്ട് പുതിയ പഠനം നടത്തി ഡിസൈൻ ഡ്രോയിങ്ങും എസ്റ്റിമേറ്റും ലഭ്യമാക്കാമെന്നും ടെക്നിക്കൽ കൺസൽട്ടന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇറിഗേഷൻ ചീഫ് എൻജിനീയർ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം റീഇൻഫോഴ്സ്ഡ് സോയിൽ വോൾ സാങ്കേതിക വിദ്യ പ്രകാരമുള്ള ഡിസൈൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനും LBS ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി, പ്രിൻസിപ്പൽലിന് 2.36 ലക്ഷം രൂപ നൽകുന്ന വിഷയം വിശദമായ ചർച്ചക്ക് ശേഷം താഴെപറയുന്ന തീരുമാനകൈകൊണ്ടു.

തീരുമാനം

( a ) സോയിൽ വോൾ ടെക്നോളജി പഠനം നടത്തി ഡിസൈനും റിപ്പോർട്ടും തയ്യാറാക്കുന്നതിന് തിരുവനന്തപുരം LBS ടെക്നോളജി ഫോർ വുമൺ പ്രിൻസിപ്പലിന് 2.36 ലക്ഷം രൂപ നൽകുന്ന വിഷയം യോഗം അംഗീകരിച്ചു.

(b) 7.87 കോടി രൂപയുടെ അധിക തുകക്ക് ഭരണാനുമതി നൽകി ഇറിഗേഷൻ വകുപ്പ് മുഖേന പ്രവർത്തിയുടെ സാങ്കേതികാനുമതി, ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് യോഗം ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

9. ജിഡ പൂർത്തീകരിച്ച് പരിപാലിച്ച് വരുന്ന എറണാകുളം-ബോൾഗാട്ടി, ബോൾഗാട്ടി-വല്ലാർപ്പാടം, വല്ലാർപാടം-വൈപ്പിൻ എന്നീ മൂന്ന് പാലങ്ങളുടെ(ഗോശ്രീ പാലങ്ങൾ എന്ന് അറിയപ്പെടുന്നു) കാര്യക്ഷമവും സാങ്കേതിക മികവോടെയും ഉള്ള പരിപാലനം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നത്-സംബന്ധിച്ച്

എറണാകുളം നഗരത്തെ വൈപ്പിൻ കരയുമായി ബന്ധിപ്പിക്കുന്നതും നഗരത്തിലെ ഏറ്റവും തിരക്കേറിയതുമായ പാലങ്ങളാണ് ജിഡ നിർമ്മിച്ചിട്ടുള്ള മൂന്ന് ഗോശ്രീ പാലങ്ങൾ. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പള്ളിപ്പുറം-വൈപ്പിൻ സംസ്ഥാന പാതയും

എറണാകുളം ഷണ്മുഖം റോഡുമായി ബന്ധിപ്പിക്കുന്ന സംസ്ഥാന തലത്തിൽ തന്നെ പ്രാധാന്യം ഉള്ള ഒരു പ്രധാന കണ്ണിയാണ് ഈ മൂന്ന് പാലങ്ങളും. ദിനം പ്രതി കണ്ടെയ്നർ അടക്കമുള്ള ആയിരകണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഈ പാലത്തിന് പതിവായ സാങ്കേതിക പരിശോധന ആവശ്യമുള്ളതാണ്. ആയതിനാൽ തന്നെ ഈ പാലങ്ങളുടെ കൃത്യതയോടെയും സാങ്കേതിക തികവോടെയും ഉള്ള സംരക്ഷണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടത് അനിവാര്യമാണ്. കോടികൾ ചെലവിട്ട് നിർമ്മിച്ചിട്ടുള്ള മൂന്ന് പാലങ്ങളും നല്ല നിലവാരത്തിൽ കേടുപാടുകൾ തീർത്ത്, സമയാസമയങ്ങളിൽ പാലങ്ങൾ പരിശോധിച്ച് വേണ്ട അറ്റകുറ്റ പണികൾ നടത്തുന്നതിന് ജിഡക്ക് യാതൊരുവിധ സംവിധാനങ്ങളും ഇല്ലാത്തതാണ്.

തീരുമാനം

ജിഡ നിർമ്മാണം പൂർത്തീകരിച്ച മൂന്ന് ഗോശ്രീ പാലങ്ങളായ എറണാകുളം- ബോൾഗാട്ടി പാലം, ബോൾഗാട്ടി - വല്ലാർപ്പാടം പാലം, വല്ലാർപ്പാടം- വൈപ്പിൻ പാലം എന്നിവ പൊതു താൽപ്പര്യം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

10. ജിഡയുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ (United Nations Sustainable Development Goals (UNSDGs) നടപ്പിലാക്കുന്നത് സംബന്ധിച്ച്

1994 - ൽ ഗോശ്രീ ദ്വീപുകളുടെ സമഗ്രവും സമൂലവുമായ വികസനം എന്ന ലക്ഷ്യത്തോടുകൂടിയാണ് ജിഡ രൂപീകരിച്ചിരിക്കുന്നത്. എന്നാൽ അടിസ്ഥാന സൗകര്യ വികസനത്തിൽ മാത്രമാണ് ജിഡ നാളിതുവരെ ശ്രദ്ധ കേന്ദ്രീകരിച്ചതും, പാലങ്ങൾ, റോഡുകൾ ഉൾപ്പെടെയുള്ള ഏതാനും പ്രവർത്തികൾ പൂർത്തീകരിച്ചതും. ഭൂരിഭാഗം ദ്വീപ് നിവാസികൾ സാമ്പത്തികവും സാമൂഹികമായും പിന്നോക്ക വിഭാഗങ്ങളിൽ പെടുന്നവരും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ട് സവിശേഷമായ വിഷമതകൾ അനുഭവിക്കുന്നവരുമാണ്. ഈ സാഹചര്യത്തിൽ ജിഡ ദ്വീപുകളുടെ സമഗ്രമായ വികസനത്തിനും ദ്വീപ് നിവാസികൾക്ക് മേന്മയേറിയ ഒരു ജീവിത നിലവാരം കൈവരിക്കുന്നതിനും ഗോശ്രീ ദ്വീപ് പ്രദേശത്തെ ലോലമായ പരിസ്ഥിതി ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ജിഡയുടെ നേതൃത്വത്തിൽ ഗോശ്രീ പ്രദേശത്ത് ഐക്യ രാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നത് ഏറ്റവും ഉചിതമായിരിക്കും. 17 സുസ്ഥിരലക്ഷ്യങ്ങളും, അവ സാക്ഷാത്കരിക്കുന്നതിനുള്ള നയപരിപാടികളും യോഗം അംഗീകരിച്ചു.

തീരുമാനം

UNSDGs@GOSHREE എന്ന പേരിൽ ജിഡയുടെ നേതൃത്വത്തിൽ ഗോശ്രീ പ്രദേശത്ത് ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും ഈ പദ്ധതിയുടെ മുഖ്യ കോ-ഓർഡിനേറ്റർ ആയി ജിഡ സെക്രട്ടറിയെ നിയമിക്കുന്നതിനും സർക്കാരിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

11. ജിഡ - ചാത്യാത്ത് റോഡും അതിനോട് അനുബന്ധിച്ചുള്ള വാക്-വേകളും സൗന്ദര്യവൽക്കരിക്കുന്നതിനും വരുമാനം സൃഷ്ടിക്കുന്നതിനുമായി 3 വർഷത്തേക്ക് കൈമാറുന്നത് സംബന്ധിച്ച്

കൊച്ചി നഗരത്തിലെ ഏറ്റവും മനോഹരമായ റോഡാണ് ജിഡയുടെ ഉടമസ്ഥതയിലുള്ള ജിഡ - ചാത്യാത്ത് റോഡും അതിനോട് അനുബന്ധിച്ചുള്ള ക്വീൻസ് വാക്-വേയും. കായലിനോട് ചേർന്നുള്ള ക്വീൻസ് വാക്-വേയിൽ ആയിരക്കണക്കിന് ആളുകളാണ് ദിവസവും കുടുംബസമേതം വൈകന്നേരങ്ങൾ ചെലവഴിക്കാനായി ഇവിടെ എത്തിച്ചേരുന്നത്. നിലവിൽ അനധികൃത കച്ചവടവും, പാർക്കിങ്ങും, കാരണം ഈ പ്രദേശം വളരെയധികം മലിനപ്പെടുകയും, ജിഡ ശമ്പളം നൽകുന്ന ശുചീകരണ തൊഴിലാളികൾ ഇവിടം നിത്യേന വൃത്തിയാക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ റോഡും റോഡിന്റെ ഇരുവശങ്ങളിലുമുള്ള വാക്-വേയും അന്താരാഷ്ട്ര നിലവാരത്തിൽ ലൈറ്റിംഗ്, ലാന്റ്സ്കേപ്പിംഗ്, എന്നിവ നടത്തുകയും ജനങ്ങൾക്കുള്ള ഒരു ആക്റ്റിവിറ്റി ഷോപ്പിങ് സോണാക്കി മാറ്റുകയും ഇതിനോട് ചേർന്ന് കുട്ടികൾക്കുള്ള ഒരു ചിൽഡ്രൻസ് പാർക്ക് വികസിപ്പിക്കുകയും ചെയ്തുകൊണ്ട് ഈ പ്രദേശത്തെ വികസിപ്പിച്ച് എടുക്കുന്നതിന് ജിഡ 2021 ഡിസംബറിൽ താല്പര്യപത്രം (EOI) ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകുകയും 9 സ്ഥാപനങ്ങൾ ഇതിൽ പങ്കെടുക്കുകയും ചെയ്തു.

തീരുമാനം

M/s.KHL,Sri.K.H.Latheef,Kallattil(H), Panayappilly എന്നവരുടെ പ്രതിമാസ ഓഫർ ആയ 3,03,030/- രൂപ (വാർഷിക ഓഫർ 36,36,360 രൂപ) എന്ന bid യോഗം അംഗീകരിച്ചു. അജണ്ടയിൽ പറഞ്ഞിട്ടുള്ള കരാർ വ്യവസ്ഥകൾ യോഗം അംഗീകരിച്ചു. ടി സ്ഥാപനവുമായി 3 വർഷ കാലയളവിലേക്ക് കരാറിൽ ഏർപ്പെടുന്നതിനു ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനമെടുത്തു.

12. ഗോശ്രീ പാലത്തിൽ തെരുവ് വിളക്കുകളും പരസ്യ ബോർഡുകളും M/s.BAAMA സ്ഥാപിച്ചത്- സംബന്ധിച്ച്

2014 മുതൽ ഗോശ്രീ ഒന്നാം പാലം പരസ്യ ബോർഡുകൾ സ്ഥാപിച്ച് പരിപാലിച്ചു വരുന്നത് ഒരു ഏജൻസി തന്നെയാണ്. നാളിതുവരെ ജിഡക്ക് യാതൊരു തുകയും ടി ഏജൻസി നല്കിയിട്ടില്ലതാണ്. മാത്രമല്ല രണ്ടാമത്തെയും, മൂന്നാമത്തെയും പാലത്തിൽ ലൈറ്റുകൾ തെളിയുന്നുമില്ല. ഈ സാഹചര്യത്തിൽ പുതിയ മത്സരാധിഷ്ഠിത ദർഘാസ് വിളിക്കുന്നതാണ് ഉചിതമെന്ന് യോഗം ചർച്ച ചെയ്തു തീരുമാനിച്ചു.

തീരുമാനം

മൂന്ന് ഗോശ്രീ പാലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിച്ചുകൊണ്ട് തെരുവ് വിളക്കുകൾ സ്ഥാപിച്ച് 3 വർഷത്തേക്ക് പരിപാലിക്കുന്നതിനും മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിക്കുന്നതിനും സെക്രട്ടറി, ജിഡയെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

13. കടമക്കുടി വില്ലേജിൽ പിഴല ദ്വീപിലുള്ള പാലിയംതുരുത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതുശ്മശാനം സഞ്ചാര യോഗ്യമാക്കുന്നത് സംബന്ധിച്ച്.

തീരുമാനം

കടമക്കുടി വില്ലേജിൽ പിഴല ദ്വീപിലുള്ള പാലിയം തുരുത്ത് ശ്മശാനത്തിലേക്കുള്ള വഴി സഞ്ചാരയോഗ്യമാക്കി പൊതുശ്മശാനം ആധുനിക രീതിയിൽ ശവസംസ്കാരത്തിന് സജ്ജമാക്കി വികസിപ്പിക്കുന്നതിന് വേണ്ടി ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിന് ജിഡ സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി തീരുമാനിച്ചു.

14. **കടമക്കുടി വില്ലേജിൽ പിഴല - ചെറിയ കടമക്കുടി ലിങ്ക് റോഡ് വീതി കൂട്ടി സൗന്ദര്യവൽക്കരിക്കുന്നതിന് പഞ്ചായത്ത് സമർപ്പിച്ച പദ്ധതി**

തീരുമാനം

പദ്ധതി നടപ്പിലാക്കുന്നതിന് ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി

സമർപ്പിക്കുന്നതിന് ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനിച്ചു.

15. വൈപ്പിൻ മേഖലയിലെ രൂക്ഷമായ കടൽക്ഷോഭത്തിന് പരിഹാരമായി ഉചിതമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി കടൽക്ഷോഭ ആഘാതം ലഘൂകരിക്കുവാനുള്ള വിശദ പദ്ധതി രേഖ തയ്യാറാക്കുവാൻ പഠനം നടത്തുന്നതിനുള്ള പദ്ധതി. (GIDA/975/2018)

വൈപ്പിൻ മേഖലയിലെ രൂക്ഷമായ കടൽ ക്ഷോഭത്തിന് ശാശ്വത പരിഹാരത്തിന് ഉചിതമായ ശാസ്ത്രീയ പഠനങ്ങൾ നടത്തി വിശദമായ പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെൻ്റ് കോർ പ്പറേഷൻ (KSCADC) മുഖേന IIT മദ്രാസിനെ ഏൽപ്പിച്ചിട്ടുള്ളതും ആയതിന് 37,00,000 /- രൂപ നല്കിയിട്ടുള്ളതുമാണ്.

തീരുമാനം

കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവെലപ്മെൻ്റ് കോർപ്പറേഷന് (KSCADC) 37,00,000/- രൂപ നൽകിയ സെക്രട്ടറിയുടെ നടപടികൾ യോഗം സാധൂകരിച്ചു.

16. എളംകുന്നപ്പുഴ-ഞാറക്കൽ- നായരമ്പലം കുടിവെള്ള പദ്ധതി (GIDA/105/2006)

ഈ പദ്ധതിക്ക് 56.85 കോടി രൂപയുടെ ഭരണാനുമതിയാണുള്ളത്. ഇതിൽ 46.566 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എല്ലാം പൂർത്തീകരിച്ച് 2014-ൽ തന്നെ ജല വിതരണം ഭാഗികമായി ആരംഭിച്ചിട്ടുള്ളതാണ്. സോൺ 1-ൽ മുറിക്കുംപാടത്ത് സ്ഥാപിക്കേണ്ട 11.8 ലക്ഷം ലിറ്ററിൻ്റെയും സോൺ-3 ൽ സ്ഥാപിക്കേണ്ട 17.9 ലക്ഷം ലിറ്ററിൻ്റെയും ജല സംഭരണികളുടെയും നിർമ്മാണം കരാറുകാരൻ്റെ വീഴ്ച്ച മൂലം പൂർത്തീകരിച്ചിട്ടില്ല. അതിൽ ശേഷിക്കുന്ന പ്രവർത്തികൾ കരാറുകാരൻ്റെ Risk and Cost-ൽ ടെൻഡർ ചെയ്ത് പുതിയ കരാറുകാർക്ക് നൽകുകയുണ്ടായി. മുറിക്കുംപാടത്തെ ജല സംഭരണിയുടെ നിർമ്മാണം 97% പൂർത്തീകരിച്ചിട്ടുള്ളതും, 2022 മാർച്ച് മാസം അവസാനത്തോടെ മുഴുവൻ നിർമ്മാണവും പൂർത്തീകരിക്കുന്നതുമാണ്. ഞാറക്കലിലെ ജല സംഭരണിയുടെ 50% പൂർത്തീകരിച്ചിട്ടുള്ളതും 2022 മെയ് മാസം മുഴുവൻ നിർമ്മാണവും പൂർത്തീകരിക്കുന്നതുമാണ്.

തീരുമാനം

യോഗം പദ്ധതി പുരോഗതി നിരീക്ഷിക്കുകയും റെക്കോർഡ് ചെയ്യുകയും ചെയ്തു

17. മുളവുകാട് റോഡ് വികസന പദ്ധതി-എൽ.എ.ജോലികൾ ഉൾപ്പെടെ - മൂന്നാം ഘട്ടം -1.5

kms (GIDA/241/2020)

മുളവുകാട് നിലവിലുള്ള റോഡ് 7 മീറ്ററിലേക്ക് വീതി കൂട്ടുന്ന പദ്ധതിയാണിത്. 5.5 കിലോമീറ്റർ നീളത്തിലുള്ള റോഡിന്റെ 4 KM നിർമ്മാണം രണ്ട് ഘട്ടങ്ങളിലായി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ള മൂന്നാം ഘട്ടം റോഡ് നിർമ്മാണം പൂർത്തിയാക്കിയാലാണ് പദ്ധതി മുഴുവനായും ഗതാഗതയോഗ്യമാകുക. അതിനായി KITCO സമർപ്പിച്ച എസ്റ്റിമേറ്റ് 7.230 കോടി രൂപ ജിഡ എക്സിക്യൂട്ടീവ് കമ്മിറ്റി/ ജനറൽ കൗൺസിൽ തീരുമാനപ്രകാരം വകയിരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് AS നുള്ള അനുമതിക്കായി അഭ്യർത്ഥിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർവ്വഹണ നടപടികൾ ആരംഭിക്കുന്നതാണ്.

തീരുമാനം

യോഗം പദ്ധതി പുരോഗതി നിരീക്ഷിക്കുകയും റെക്കോർഡ് ചെയ്യുകയും ചെയ്തു

18. **ഞാറക്കൽ താലൂക്ക് ആശുപത്രി വികസനം:- (GIDA/1556/2010)**

07/03/2019ലെ GO(Rt)No.559/2019/LSGD നമ്പർ ഉത്തരവ് പ്രകാരം 5.950 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതാണ്. പൊതുമരാമത്ത് വകുപ്പ്, കെട്ടിട വിഭാഗത്തിനെ ചുമതലപ്പെടുത്തി നടന്നുവരുന്ന നിർമ്മാണം സിവിൽ വർക്കുകൾ അന്തിമഘട്ടത്തിലായിട്ടുള്ളതും, ഇലക്ട്രിക്കൽ ജോലികൾ 60% പൂർത്തിയായിട്ടുള്ളതുമാണ്. ഷെഡ്യൂളിൽ ഉൾപ്പെടാത്ത WALL DADOING ജോലികൾ സേവിങ് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനും ആരംഭിച്ചു. പദ്ധതി 30/4/2022 ന് പൂർത്തിയാക്കുന്നതുമാണ്.

തീരുമാനം

യോഗം പദ്ധതി പുരോഗതി നിരീക്ഷിക്കുകയും റെക്കോർഡ് ചെയ്യുകയും ചെയ്തു.

19. അടിയന്തിര ഘട്ടങ്ങളിൽ ചെയ്ത പ്രവർത്തികളുടെ സാധൂകരണത്തിന്

2021 നവംബർ മാസത്തിലെ ബഹു. ഉപരാഷ്ട്രപതിയുടെ കൊച്ചി സന്ദർശനത്തിനോടനുബന്ധിച്ച് അടിയന്തിരമായി ഗോശ്രീ ഒന്നാം പാലമായ ബോൾഗാട്ടി-എറണാകുളം പാലത്തിന്റെ ഉപരിതലത്തിൽ ബിറ്റുമിനെസ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയു പ്രകാരം സമർപ്പിച്ച 28.10 ലക്ഷം രൂപയുടെയും അപ്രോച്ച് റോഡിൽ ഇന്റർലോക്ക് കോൺക്രീറ്റ് ടൈലുകൾ വിരിക്കുന്നതിനുള്ള 20.74 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, ഗോശ്രീ രണ്ടാം പാലമായ ബോൾഗാട്ടി - വല്ലാർപാടം പാലത്തിന്റെ അറ്റകുറ്റ പണികൾക്കായി

പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയ പ്രകാരം സമർപ്പിച്ച 10.00,000/- രൂപയുടെ എസ്റ്റിമേറ്റും അംഗീകരിച്ച സെക്രട്ടറിയുടെ പ്രവർത്തികൾ യോഗം വിലയിരുത്തി.

തീരുമാനം

(1) അടിയന്തിര പ്രവർത്തികൾക്കായി 28.10 ലക്ഷം രൂപയും 20.74 ലക്ഷം രൂപയും ചെലവഴിച്ച സെക്രട്ടറിയുടെ നടപടികൾ യോഗം സാധൂകരിച്ചു.

(2) അടിയന്തിര പ്രവർത്തികൾക്കായി 10 ലക്ഷം രൂപ ചിലവഴിച്ച സെക്രട്ടറിയുടെ നടപടികൾ യോഗം സാധൂകരിച്ചു.

(3) അടിയന്തിര ഘട്ടത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച സെക്രട്ടറിയുടെ നടപടികൾ സാധൂകരിച്ചു.

20. പതിനൊന്നാം ശമ്പള പരിഷ്കരണം ജിഡയിലെ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് നൽകിയത് സംബന്ധിച്ച് (ജിഡ/341/2021)

ധനകാര്യ വകുപ്പിന്റെ 10.02.2021 ലെ ജി.ഒ.(പി) നമ്പർ: 27/2021 ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം ജിഡയിലെ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് സെക്രട്ടറിയുടെ 17/03/2021 ലെ ഉത്തരവ് മുഖേന നടപ്പിലാക്കുകയുണ്ടായി.

തീരുമാനം

ധനകാര്യ വകുപ്പിന്റെ 10.02.2021 ലെ ജി.ഒ.(പി) നമ്പർ: 27/2021 ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം ജിഡയിലെ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് സെക്രട്ടറിയുടെ 17/03/2021 ലെ ഉത്തരവ് മുഖേന നടപ്പിലാക്കിയ ജിഡ സെക്രട്ടറിയുടെ നടപടികൾ യോഗം സാധൂകരിച്ചു.

21. ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് 01.01.2019 മുതൽ 1.07.2020 വരെ (16%) ക്ഷാമബത്ത കുടിശിക പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് നമ്പർ ഇല്ലാത്തതിനാൽ പണമായി നൽകിയത്- സംബന്ധിച്ച്

ധനകാര്യ വകുപ്പിന്റെ 08.02.2021 ലെ 25/2021/ധന ഉത്തരവ് പ്രകാരം 01.01.2019 മുതൽ 01.07.2020 വരെയുള്ള 16 % ക്ഷാമബത്ത കുടിശിക പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നമ്പർ ഇല്ലാത്തതിനാൽ, ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് പണമായി സെക്രട്ടറിയുടെ 12.07.2021 ലെ ഉത്തരവ് പ്രകാരം നൽകുകയുണ്ടായി.

തീരുമാനം

ധനകാര്യ വകുപ്പിന്റെ 08.02.2021 ലെ 25/2021/ധന ഉത്തരവ് പ്രകാരം 01.01.2019 മുതൽ 01.07.2020 വരെയുള്ള 16% ക്ഷാമബത്ത കുടിശിക പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് നമ്പർ ഇല്ലാത്തതിനാൽ, ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്ക് പണമായി സെക്രട്ടറിയുടെ 12.07.2021 ലെ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ ജിഡ സെക്രട്ടറിയുടെ നടപടികൾ യോഗം സാധൂകരിച്ചു.

22. ശ്രീ.എ.ജെ.തോമസ്, ഫീൽഡ് ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസറെ ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസറായി താൽക്കാലികമായി നിയമിക്കുന്നത് സംബന്ധിച്ച്

ജിഡയുടെ നിലവിലുള്ള ലാൻഡ് അക്വിസിഷൻ പ്രവർത്തികൾക്ക് ഒരു ലെയ്സൺ ആഫീസർ അത്യാവശ്യമാണ്. അതിനായി നിലവിൽ താത്കാലികമായി നിയമിച്ചിരിക്കുന്ന തഹസിൽദാർ റാങ്കിൽ വിരമിച്ച ശ്രീ.എ.ജെ.തോമസ് മുഖാന്തരം പ്രവർത്തികൾ വേഗത്തിൽ നടന്നുവരികയാണ്. ആയതിനാൽ ടിയാന്റെ സേവനം അക്വിസിഷൻ പ്രവർത്തികൾ കഴിയുന്നത് വരെ ആവശ്യമായതിനാൽ ലാൻഡ് അക്വിസിഷൻ ലെയ്സൻ ഓഫീസർ എന്ന പേരിൽ താത്കാലിക തസ്തികയിലേക്ക് ശ്രീ. തോമസ് എ.ജെ യെ നിയമിക്കണമെന്ന അപേക്ഷ ജനറൽ കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചു.

തീരുമാനം

ജിഡയുടെ നിലവിലുള്ള ലാൻഡ് അക്വിസിഷൻ പ്രവർത്തികൾക്കായി നിലവിൽ താത്കാലികമായി നിയമിച്ചിരിക്കുന്ന തഹസിൽദാർ റാങ്കിൽ വിരമിച്ച ശ്രീ.എ.ജെ.തോമസ് മുഖാന്തരം പ്രവർത്തികൾ വേഗത്തിൽ നടന്നുവരികയാണ്. ആയതിനാൽ ടിയാന്റെ സേവനം ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ (ഒരു വർഷ കാലയളവിന് വിധേയമായി) ലാൻഡ് അക്വിസിഷൻ ലെയ്സൺ ഓഫീസർ ആയി തുടർന്ന് നിയമിക്കുവാൻ ജിഡ സെക്രട്ടറിക്ക് യോഗം അനുവാദം നൽകി തീരുമാനിച്ചു.

23. സ്റ്റാൻഡിംഗ് കൗൺസൽ നിയമനം സംബന്ധിച്ച്

28.01.2021 ൽ നടന്ന അടിയന്തിര എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ നിയമ വിദഗ്ധരുടെ പാനൽ രൂപീകരിക്കുന്നതിന് അംഗീകാരം നൽകിയത് പ്രകാരം നിലവിലെ സ്റ്റാൻഡിംഗ് കൗൺസൽ ആയ ശ്രീ. വർഗീസ്.കെ.പോളിന് പുറമേ, ശ്രീ.ലാൽ.കെ.ജോസഫ്, ശ്രീ.എസ്.കൃഷ്ണപ്രസാദ്, ശ്രീ.ഷൈജൻ സി.ജോർജ് എന്നീ വക്കീലന്മാരെ കൂടി പാനലിൽ ഉൾപ്പെടുത്തുകയും ചെയ്തു. നിലവിൽ ജില്ലാ കോടതിയിലും ഹൈക്കോടതിയിലും പെൻഡിങ് കേസുകൾ കുറവായ സാഹചര്യത്തിൽ 4 വക്കീലന്മാരെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ജിഡയിൽ നിയമിക്കേണ്ടത് ആവശ്യമില്ലാത്ത വിഷയമാണ്. ജിഡക്കെതിരെ കേസുകൾ വരുമ്പോൾ, നോട്ടീസ് എടുക്കുന്നത് മേൽ പറഞ്ഞ 4 പേരിൽ ആരായിരിക്കുമെന്നതും വരെ പ്രധാനപ്പെട്ട കാര്യമാണ്. മേൽ വിഷയം വിശദമായ ചർച്ചക്ക് ശേഷം താഴെ പറയുന്ന തീരുമാനമെടുത്തു.

തീരുമാനം

എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിച്ച പാനലിനെ ഒഴിവാക്കി കൊണ്ട് നിലവിൽ കേസുകൾ കൈകാര്യം ചെയ്യുന്ന ശ്രീ.വർഗീസ് .കെ.പോളിനെ കൗൺസലായി താത്കാലികമായി തുടരുന്നതിന് അനുവദിക്കാൻ യോഗം തീരുമാനിച്ചു.

24. ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

തീരുമാനം

ജിഡയിൽ അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകളിൽ 10 വർഷത്തിലധികമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 6 ജീവനക്കാരുടെ സർവ്വീസ്, സർക്കാരിന്റെ 09/02/2015 - ലെ സ.ഉ. (കൈ) 26/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം മുൻകാല പ്രാബല്യമില്ലാതെ ക്രമീകരിച്ചിരുന്നു. ജിഡയിൽ സ്ഥിരപ്പെടുത്തിയ ജീവക്കാരുടെ റെഗുലർ സർവീസ് ആരംഭിക്കുന്നത് 10/04/2013 ന് ശേഷമാകയാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും ജിഡയിൽ ഒരു പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടില്ല എന്നും പങ്കാളിത്ത പെൻഷൻ ജിഡയിൽ ആരംഭിക്കാത്തതിനാലും പെൻഷൻ കോൺട്രിബ്യൂഷൻ ജീവനക്കാരിൽ നിന്നും നാളിതുവരെ പിടിക്കാത്തതിനാലും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് തങ്ങളെ പരിഗണിക്കണമെന്നും, ജിഡയിലെ നാളിതുവരെയുള്ള സേവനകാലാവധി മുഴുവനായി പെൻഷൻ കണക്കാക്കുന്നതിനുള്ള ക്വാളിഫൈയിങ് സർവ്വീസായി പരിഗണിക്കണമെന്നും കാണിച്ചുകൊണ്ട് ജിഡയിലെ 6 ജീവനക്കാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ ജനറൽ കൗൺസിൽ മുൻപാകെ സമർപ്പിച്ചിട്ടുള്ള വിവരം സെക്രട്ടറി, ജിഡ യോഗത്തിൽ

അറിയിച്ചു. യോഗം വിശദമായ ചർച്ചക്ക് ശേഷം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർ സമർപ്പിച്ച അപേക്ഷ അനുഭാവപൂർവ്വം പരിശോധിക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിക്കുവാൻ ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

25. സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച്

തീരുമാനം

സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ജിഡയിൽ സ്ഥിരപ്പെടുത്തിയ 6 ജീവനക്കാർക്കും അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധനക്കായി സർക്കാരിലേക്ക് അയക്കുവാൻ തീരുമാനിച്ചു.

26. ആഫീസ് അറ്റൻഡന്റായി ജോലി ചെയ്തു വരുന്ന ശ്രീ.പി.ഡി.സുനിൽകുമാറിനെ തസ്തികമാറ്റം മുഖേന ജൂനിയർ ക്ലാർക്കായി നിയമനം നൽകുന്നത് — സംബന്ധിച്ച്

തസ്തിക മാറ്റം വഴി ജിഡയിൽ ജൂനിയർ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് ഓഫീസ് അറ്റൻഡന്റായ ശ്രീ.പി.ഡി.സുനിൽകുമാർ സെക്രട്ടറിക്ക് അപേക്ഷ നൽകുകയും 21/11/2019 ൽ കൂടിയ ജിഡയുടെ പ്രഥമ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ വിഷയം ചർച്ച ചെയ്ത്, പ്രമോഷൻ മുഖേനയോ ആശ്രിത നിയമനം മുഖനെയോ ജൂനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള ഒഴിവ് നികത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. 2019 മാർച്ച് 30 ന് മരണമടഞ്ഞ ജിഡയിലെ പാർട്ട് ടൈം സ്വീപ്പറായിരുന്ന ശ്രീമതി. പി.കെ. ഉഷയുടെ മക്കളായ ശ്രീ. കെ. സാനുവും, ശ്രീമതി. കെ. സുസ്മിതയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന അവകാശ സർട്ടിഫിക്കറ്റുകൾ സമയപരിധിക്കുള്ളിൽ ഹാജരാക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ തസ്തിക മാറ്റം മുഖേന ജിഡയിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി.ഡി. സുനിൽ കുമാറിനെ ടി ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമിക്കുന്നതിന് ടിയാൻ അപേക്ഷിച്ചിട്ടുണ്ട്. ടിയാൻ മേൽ തസ്തികക്കുള്ള അടിസ്ഥാന യോഗ്യത നേടിയിട്ടുമുണ്ട്. ജിഡയുടെ 30 ാമത് ജനറൽ കൗൺസിൽ തീരുമാന പ്രകാരം 23.06.2016 ലും, 14.11.2017 ലും ടിയാളെ ജൂനിയർ ക്ലാർക്ക് തസ്തികയിലേക്ക് നിയമിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷകൾ നൽകിയിരുന്നു.

തീരുമാനം

ആഫീസ് അറ്റൻഡന്റായി ജോലി ചെയ്തു വരുന്ന ശ്രീ.പി.ഡി.സുനിൽകുമാറിനെ

തസ്തികമാറ്റം മുഖേന ജൂനിയർ ക്ലാർക്കായി നിയമനം നടത്തുന്നതിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിശോധിക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിക്കുവാൻ ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

27. ജിഡ ആഫീസിൽ നിലവിലുള്ള ടൗൺ പ്ലാനർക്ക് പകരം ഒരു അസിസ്റ്റന്റ് എഞ്ചിനീയറെ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിക്കുന്നത് സംബന്ധിച്ച്

(1) സർക്കാരിന്റെ 01/12/1995 - ലെ G.O (MS) 282/95/LAD പ്രകാരം ജിഡയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും എന്നാൽ നാളിതുവരെ നിയമനം നടത്തിയിട്ടില്ലാത്തതുമാണ്. പകരം ടൗൺ പ്ലാനറെയാണ് നിയമിച്ചിട്ടുള്ളത്. ശമ്പള സ്കെയിൽ (95600 - 153200). എന്നാൽ ജിഡയിൽ ടൗൺ പ്ലാനിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഇല്ലാത്തതുമാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ശമ്പള സ്കെയിൽ (55200-115300) ആണ്.

(2) 10/08/1995 ലെ GO (MS) 159/95/LAD പ്രകാരം ജിഡയിൽ അണ്ടർ സെക്രട്ടറി റാങ്കിലുള്ള ഫിനാൻസ് ഓഫീസറുടെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നിലവിലെ ഫിനാൻസ് ഓഫീസർ, അണ്ടർ സെക്രട്ടറി (ഹയർ ഗ്രേഡ്) റാങ്കിലുള്ള ഉദ്യോഗസ്ഥനാണ്. ഇത് ജിഡക്ക് അധിക സാമ്പത്തിക ബാധ്യത വരുത്തുന്നുണ്ട്.

തീരുമാനം

(a) ജിഡയിൽ ടൗൺ പ്ലാനിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഇല്ലാത്തതിനാലും, പൊതുമരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിന് എൻജിനീയറുടെ സേവനം അനിവാര്യമായതിനാലും നിലവിലുള്ള ടൗൺ പ്ലാനർക്ക് (95600-153200) പകരം പൊതുമരാമത്ത് വകുപ്പിൽ നിന്നും അസ്സിസ്റ്റൻറ്റ് എൻജിനീയറെ (55200-115300) നിയമിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(b) ഫിനാൻസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള അണ്ടർ സെക്രട്ടറി ഹയർ ഗ്രേഡിന് (95600-153200) പകരം ജൂനിയർ അണ്ടർ സെക്രട്ടറിയെ ഫിനാൻസ് ഓഫീസറായി (63700-123700) നിയമിക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

28. ജിഡയിലെ ലാൻ സൂപ്പർവൈസറായ ശ്രീ പ്രദീപ്. സി.കെ - യെ തസ്തിക മാറ്റം മുഖേന സീനിയർ അക്കൗണ്ടന്റായി നിയമിക്കുന്നത് സംബന്ധിച്ച്.

2019 നവംബർ 21 ന് കൂടിയ പ്രഥമ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം നിലവിൽ ലാൻ സൂപ്പർവൈസറായി തുടരുന്ന ജീവനക്കാരന്റെ 6 മാസത്തെ പ്രവർത്തനം വിലയിരുത്തി സർക്കാരിൽ റിപ്പോർട്ട് നല്കാൻ ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും, റിപ്പോർട്ട് സർക്കാരിലേക്ക് നൽകുകയും ചെയ്തിട്ടുള്ളതാണ്. ടിയാനെ തസ്തികമാറ്റം വഴി സീനിയർ അക്കൗണ്ടന്റായി നിയമിക്കുന്ന പക്ഷം, ലാൻ സൂപ്പർവൈസർ തസ്തികയിലേക്ക് പുതിയ നിയമനം നൽകേണ്ട ആവശ്യമില്ല. അതുവഴി അധിക സാമ്പത്തിക ബാധ്യതയിൽ നിന്നും ഒഴിവാകുകയും ചെയ്യും. നിലവിൽ ലാൻ സൂപ്പർവൈസർ തസ്തിക ജിഡയിൽ മാത്രമേയുള്ളൂ. അക്കൗണ്ടന്റ് തസ്തിക ട്രഷറി വകുപ്പിൽ മാത്രമാണുള്ളത്. അക്കൗണ്ടന്റ് തസ്തികക്കുള്ള അടിസ്ഥാന യോഗ്യത (B.Com ബിരുദം) ടിയാൻ നേടിയിട്ടുണ്ട്. കൂടാതെ ഈ മേഖലയിൽ 25 വർഷത്തെ സേവന പരിചയവുമുണ്ട്. ലാൻ സൂപ്പർവൈസറുടെ നിലവിലെ സ്കെയിൽ (27900 - 63700) ഉം സീനിയർ അക്കൗണ്ടന്റിന്റെ സ്കെയിൽ (35600 - 75400) ഉം ആകുന്നു. ലാൻ സൂപ്പർവൈസറായി തുടരുന്ന ശ്രീ. പ്രദീപ് സി.കെ. യെ തസ്തിക മാറ്റം വഴി സീനിയർ അക്കൗണ്ടന്റായി പ്രൊമോട്ട് ചെയ്യുന്നതിനും ലാൻ സൂപ്പർവൈസറിൽ നിന്നും സീനിയർ അക്കൗണ്ടന്റ് തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ജിഡക്ക് വഹിക്കുന്നതിനുള്ള സാമ്പത്തിക ശേഷിയുണ്ടെന്ന് സർക്കാരിലേക്ക് അറിയിക്കുന്നതിനുമുള്ള അംഗീകാരത്തിന് ജനറൽ കൗൺസിൽ മുൻപാകെ സമർപ്പിച്ചത് പ്രകാരം താഴെ പറയുന്ന തീരുമാനമെടുത്തു.

തീരുമാനം

ജിഡയിലെ ലാൻ സൂപ്പർവൈസറായ ശ്രീ പ്രദീപ്. സി.കെ - യെ തസ്തിക മാറ്റം/ പ്രൊമോഷൻ (27900-63700) മുഖേന സീനിയർ അക്കൗണ്ടന്റായി (35600-75400) നിയമിക്കുന്നതിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിശോധിക്കുന്നതിന് സർക്കാരിലേക്ക് സമർപ്പിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

29. 2020 — 21 വർഷത്തെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്& ഓഡിറ്റ് ഫീ നൽകുന്നത് സംബന്ധിച്ച്

മുൻകാലങ്ങളിൽ M/s. എം.വി.ടോമി & കമ്പനിയാണ് ജിഡയുടെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്തുപോരുന്നത്. ആദായനികുതി റീഫണ്ട് സംബന്ധിച്ച വിഷയങ്ങളും ടി സ്ഥാപനം തന്നെയാണ് ചെയ്തു പോരുന്നത്. മുൻകാല വർഷങ്ങളിലെ പരിചയസമ്പത്ത് പ്രമാണിച്ചും, ജിഡയുടെ വരവ് - ചെലവ് കണക്കുകൾ ആദായനികുതി വകുപ്പിൽ സമയത്ത് നൽകേണ്ടതുള്ളതു കൊണ്ടും 2020-21 വർഷത്തെ ഓഡിറ്റ് ചെയ്യുന്നതിനും ടി സ്ഥാപനത്തെ ചുമതലപെടുത്തിയിട്ടുള്ളതും ടി സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ജനറൽ കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും

ഓഡിറ്റ് ഫീസ് GST ഉൾപ്പെടെ 1,16,820/- രൂപ നൽകുന്നതിനും എം.വി.ടോമി & കമ്പനിയെ ജിഡയുടെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ സെക്രട്ടറിയുടെ നടപടികൾ യോഗം ചർച്ച ചെയ്തു താഴെ പറയുന്ന തീരുമാനമെടുത്തു.

തീരുമാനം

ജിഡയുടെ 2020 - 2021 വർഷത്തെ ഓഡിറ്റ് അംഗീകരിച്ച് ഓഡിറ്റ് ഫീ ആയ 1,16,820/- രൂപ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയ M/s. എം.വി.ടോമി & കമ്പനിക്ക് നൽകുന്ന വിഷയം തീരുമാനിച്ചു.